14.04.24 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 15-03-99

# കർമ്മാതീത അവസ്ഥ വരെ എത്തുന്നതിനു കൺട്രോളിങ് പവർ(നിയന്ത്രണ ശക്തി) വർദ്ധിപ്പിക്കൂ, സ്വരാജ്യാധികാരിയാകൂ.

ഇന്ന് ബാപ്ദാദ നാലു വശത്തുമുള്ള തന്റെ അരുമ രാജകുമാരന്മാരായ പരമാത്മസ്നേഹി കുട്ടികളെ കണ്ട് കൊണ്ടിരിക്കുന്നു. ഈ പരമാത്മാവാത്സല്യം അല്ലെങ്കിൽ പരമാത്മാസ്നേഹം വളരെ ചുരുക്കം കുട്ടികൾക്കാണ് പ്രാപ്തമാകുന്നത്. വളരെ കുറച്ചുപേരേ ഇങ്ങനെയുള്ള ഭാഗ്യത്തിനധികാരിയാകുന്നുള്ളൂ. ഇങ്ങനെയുള്ള ഭാഗ്യവാൻ കുട്ടികളെ കണ്ട് ബാപ്ദാദയും ഹർഷിതമാകുന്നു. അരുമയായ രാജകുമാരൻ എന്നാൽ രാജാകുട്ടി. അപ്പോൾ സ്വയം രാജാവെന്ന് മനസ്സിലാക്കുന്നുണ്ടോ? പേരു തന്നെ രാജയോഗി എന്നാണ്. അപ്പോൾ രാജയോഗി അർത്ഥം രാജാകുട്ടി. വർത്തമാന സമയവും രാജാകുട്ടിയാണ് ഭാവിയിലും രാജാകുട്ടിയാണ്. തന്റെ ഇരട്ടരാജ്യപദവി അനുഭവം ചെയ്യുന്നുണ്ടല്ലോ? സ്വയം തന്നെ നോക്കൂ ഞാൻ രാജാവാണോ? സ്വരാജ്യാധികാരിയാണോ? ഓരോ രാജ്യപ്രവർത്തനവും നിങ്ങളുടെ ഓർഡർ അനുസരിച്ചാണോ ചെയ്യുന്നത്? രാജാവിന്റെ വിശേഷത എന്താണെന്ന് അറിയാമല്ലോ? റൂളിങ് പവറും(ഭരണ ശക്തിയും) കൺട്രോളിങ് പവറും(നിയന്ത്രണ ശക്തിയും) രണ്ടും നിങ്ങളുടെ അടുക്കലുണ്ടല്ലോ? തന്നോട് തന്നെ ചോദിക്കൂ രാജ്യപ്രവർത്തണം സദാ കൺട്രോളിൽ നടക്കുന്നുവോ? ബാപ്ദാദ ഇന്ന് കുട്ടികളുടെ നിയന്ത്രണശക്തിയും ഭരണശക്തിയും ചെക്ക് ചെയ്യുകയായിരുന്നു, പറയൂ എന്താണ് കണ്ടത്? എല്ലാവർക്കുമറിയാമല്ലോ. ബാപ്ദാദ കണ്ടൂ ഇപ്പോഴും അഖണ്ഡരാജ്യാധികാരം എല്ലവരുടെതും ആയിട്ടില്ല. അഖണ്ഡമെന്നത് ഇടക്കിടെ ഖണ്ഡിതമാകുന്നു. എന്ത് കൊണ്ട്? സദാസ്വരാജ്യത്തിന് പകരം പര രാജ്യവും ഖണ്ഡിക്കുന്നു. പര രാജ്യത്തിന്റെ ലക്ഷണമാണ് - ഈ കർമ്മേന്ദ്രിയങ്ങൾക്ക് പരാധീനമാകുന്നു. മായയുടെ രാജ്യത്തിന്റെ പ്രഭാവം അർത്ഥം പരാധീനമാകുക. വർത്തമാനസമയത്ത് ന്യൂനപക്ഷം ആളുകൾ ശരിയാണ് പക്ഷേ ഭൂരിപക്ഷം മായയുടെ ഇപ്പോഴത്തെ വിശേഷ പ്രഭാവത്തിൽ വരുന്നു. ആദി അനാദി സംസ്കാരത്തിൽ ഇടക്കിടെ മധ്യത്തിലേ, അതായത് ദ്വാപരം മുതൽ ഇപ്പൊൾ അന്തിമം വരെയുള്ള സംസ്കാരത്തിന്റെ പ്രഭാവത്തിൽ വരുന്നു. സ്വയം തന്റെ സംസ്കാരമാണ് സ്വരാജ്യത്തെ ഖണ്ഡിക്കുന്നത്. അതിലും വിശേഷിച്ചുള്ള സംസ്കാരം വ്യർത്ഥം ചിന്തിക്കുക, വ്യർത്ഥമായി സമയം പാഴാക്കുക, വ്യർത്ഥസംസാരത്തിൽ വരുക അത് കേൾക്കുന്നതാകട്ടെ, കേൾപ്പിക്കുന്നതാകട്ടെ എന്നതാണ്. ഒരു വശത്ത് വ്യർത്ഥത്തിന്റെ സംസ്കാരം, മറു വശത്ത് അശ്രദ്ധയുടെ സംസ്കാരം വിഭിന്ന റോയൽ രൂപത്തിൽ സ്വരാജ്യത്തേ ഖണ്ഡിക്കുന്നു. പല കുട്ടികളും പറയുന്നു സമയം സമീപം വരുകയാണ് എന്നാൽ മുൻപ് ഇമർജ് അല്ലായിരുന്ന സംസ്കാരം ഇപ്പൊൾ അവിടിവിടെയായി ഇമർജ്ജാകുന്നു. വായുമണ്ഡലത്തിൽ സംസ്കാരം ഒന്നുകൂടി ഇമർജ്ജാകുന്നു, ഇതിന്റെ കാരണമെന്താണ്? ഇത് മായയുടെ യുദ്ധത്തിന്റെ ഒരു മാർഗ്ഗമാണ്. മായ ഇതിലൂടെ തന്റേതാക്കി പരമാത്മാ മാർഗ്ഗത്തിൽ നിരാശരാക്കി മാറ്റുന്നു. ചിന്തിക്കുന്നു ഇപ്പൊൾ വരെയും ഇങ്ങനെയാണെങ്കിൽ സമാനമാകുന്നതിൽ സഫലത ലഭിക്കുമോ ഇല്ലയോ എന്നറിയില്ലല്ലോ! ഏതെങ്കിലും കാര്യത്തിൽ എവിടെ കുറവുണ്ടോ ആ കുറവിന്റെ രൂപത്തിൽ മായ നിരാശരാക്കാൻ ശ്രമിക്കുന്നു. വളരെ നന്നായി മുന്നേറുന്നതിനിടയിൽ ഏതെങ്കിലും കാര്യത്തിൽ മായ സംസ്കാരത്തിൽ ആക്രമിക്കുന്നു, പഴയ സംസ്കാരം ഇമർജ് ചെയ്യുന്നതിന്റെ രൂപം കാട്ടി നിരാശരാക്കാൻ ശ്രമിക്കുന്നു. അവസാനം സമയം എല്ലാ സംസ്കാരവും സമാപ്തമാകേണ്ടതാണ് ഇതിനാൽ ഇടക്കിടെ ബാക്കി വന്ന സംസ്കാരം ഇമർജ്ജാകുന്നു. എന്നാൽ ബാപ്ദാദ നിങ്ങൾ ഭാഗ്യവാൻ ആത്മാക്കൾക്ക് സൂചന നൽകുകയാണ് - പേടിക്കരുത്, മായയുടെ നീക്കത്തെ മനസ്സിലാക്കൂ. ആലസ്യവും വ്യർത്ഥവും - ഇതിൽ നെഗറ്റീവും ഉൾപ്പെടും - ഈ രണ്ടു കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ കൊടുക്കൂ. മനസ്സിലാക്കൂ ഇത് വർത്തമാന സമയത്ത് മായയുടെ യുദ്ധം ചെയ്യാനുള്ള മാർഗ്ഗമാണ്. ബാബയുടെ കൂട്ടിന്റെ അനുഭവം, കംബൈൻഡായ അനുഭവം ഇമർജ് ചെയ്യൂ. ഇങ്ങനെയല്ലാ ബാബ എന്റേത് തന്നെയാണ്, കൂടെ എപ്പോഴും ഉണ്ട് തന്നെ. കൂട്ടിന്റെ പ്രായോഗിക അനുഭവം ഇമർജ്ജാവണം. അങ്ങനെയെങ്കിൽ ഈ മായയുടെ യുദ്ധം യുദ്ധമാകില്ല, മായ തോറ്റു പോകും. ഇത് മായയുടെ തോൽവിയാണ്, യുദ്ധമല്ല. പേടിക്കുക മാത്രം അരുത്, ഇതെന്തായി, എന്തുകൊണ്ടുണ്ടായി എന്ന്. ധൈര്യം വെയ്ക്കൂ, ബാബയുടെ കൂട്ടിനെ സ്മൃതിയിൽ വെയ്ക്കൂ. ചെക്കു ചെയ്യൂ ബാബയുടെ കൂട്ട് സദാ ഉണ്ടോ? കൂട്ടുകെട്ടിന്റെ അനുഭവം ഗുപ്ത രൂപത്തിലല്ലല്ലോ? ബാബ കൂടെയുണ്ടെന്ന അറിവുണ്ട്. എന്നാൽ അറിവിനോടൊപ്പം ബാബയുടെ ശക്തി എന്താണ്? സർവ്വ ശക്തനാണ് അപ്പോൾ എല്ലാ ശക്തികളുടെയും പവർ ഇമർജ് രൂപത്തിൽ അനുഭവം ചെയ്യൂ. ഇതിനെയാണ് പറയുന്നത് ബാബയുടെ കൂട്ടിന്റെ അനുഭവം ചെയ്യുക എന്ന്. ബാബയെ കൂടാതെ ആരാണുള്ളത്, ബാബയല്ലെ ഉള്ളൂ എന്ന് അശ്രദ്ധരാകരുത്. ബാബയുണ്ട് എങ്കിൽ ആ ശക്തി ഉണ്ടോ? ഏതു പോലെ ലോകരോട് പറയുന്നു പരമാത്മാവ് എല്ലായിടത്തും വ്യാപകനാണെങ്കിൽ പരമാത്മഗുണവും അനുഭവപ്പെടണം,

കാണപ്പെടണം എന്ന്. അപ്പോൾ ബാപ്ദാദയും ചോദിക്കുന്നു ബാബ കൂടെയുണ്ട്, കംബൈൻഡാണ് എങ്കിൽ ആ ശക്തി എല്ലാ കർമ്മത്തിലും അനുഭവമാകുന്നുണ്ടോ? മറ്റുള്ളവർക്കും അനുഭവമാകുന്നുണ്ടോ? എന്ത് തോന്നുന്നു? ഡബിൾ വിദേശികൾ എന്ത് മനസ്സിലാക്കുന്നു? ശക്തിയുണ്ടോ? സദായുണ്ടോ? ആദ്യത്തെ ചോദ്യത്തിന് എല്ലാവരും അതെ എന്ന് പറഞ്ഞു. അപ്പോ രണ്ടാമത്തെ ചോദ്യമാണ് സദായുണ്ടോ? എല്ലാവരും ചിന്തിക്കുകയാണ്. അത് അഖണ്ഡമല്ലല്ലോ. നിങ്ങൾ എന്താണ് ചലഞ്ച് ചെയ്യുന്നത്(വെല്ലുവിളിക്കുന്നത്)? അഖണ്ഡ രാജ്യം സ്ഥാപിക്കുകയാണ് എന്ന്, അതോ ഖണ്ഡിതമായ രാജ്യം സ്ഥാപിക്കുന്നോ? എന്ത് ചെയ്യുന്നു? അഖണ്ഡമല്ലേ! ടീച്ചേഴ്സ് പറയൂ അഖണ്ഡമാണോ? അപ്പോൾ ഇനി ചെക്ക് ചെയ്യൂ അഖണ്ഡസ്വരാജ്യമുണ്ടോ? രാജ്യം അർത്ഥം പ്രാലബ്ധം, സദാ കാലത്തെ എടുക്കണമോ അതോ ഇടക്കിടെ മുറിഞ്ഞു പോയാൽ കുഴപ്പമില്ല എന്നാണോ? ഇങ്ങനെ ആഗ്രഹിക്കുന്നോ? എടുക്കുന്നതിൽ സദാ വേണം എന്നാൽ പുരുഷാർത്ഥത്തിൽ ചിലപ്പോൾ ഇങ്ങനെയാണോ? വിദേശികളോട് പറഞ്ഞിരുന്നു തന്റെ ജീവിതത്തിന്റെ ഡിക്ഷണറിയിൽ നിന്നും സംടൈം, സംതിങ് (ചിലപ്പോൾ, എന്തെങ്കിലും) എന്നീ വാക്കുകൾ മാറ്റിക്കളയൂ എന്ന്. ഇപ്പൊൾ ചിലപ്പോൾ എന്ന വാക്ക് തീർന്നുവോ? ജയന്തി പറയൂ. റിസൾട്ട് തരില്ലേ? അപ്പോൾ സംടൈം തീർന്നുവോ? ആരു മനസ്സിലാക്കുന്നുവോ സംടൈം എന്ന വാക്ക് സദാ കാലത്തേക്ക് സമാപ്തമായി എന്ന്, അവർ കൈ ഉയർത്തൂ. തീർന്നുവോ അതോ തീരും എന്നാണോ? നീണ്ട കൈയുയർത്തൂ. വതനത്തിലെ ടീവിയിൽ താങ്കളുടെ കൈ വന്നു, ഇവിടത്തെ ടീവിയിൽ എല്ലാവരുടെയും കൈ വരില്ല. ഇത് കലിയുഗി ടീവിയല്ലെ, അവിടെ മാന്ത്രിക ടീവിയാണ്, ഇതിനാൽ വരുന്നു. വളരെ നല്ലത് എന്നാലും വളരെപ്പേർ കൈയുയർത്തി, അവർക്ക് സദാകാലത്തേക്ക് ആശംസകൾ. ശരി. ഇനി ഭാരതവാസികളിൽ ആരുടെയാണോ പ്രായോഗികമായി സദാകാലത്തെ സ്വരാജ്യമുള്ളത്, സർവ്വ കർമ്മേന്ദ്രിയങ്ങളും നിയമവ്യവസ്ഥയ്ക്ക് അനുസരിച്ചുള്ളത്, അവർ കൈ ഉയർത്തു. പക്കയായി കൈ ഉയർത്തണം, കച്ചയായല്ല. സദാ ഓർമ്മിക്കണം സഭയിൽ കൈയുയർത്തിയതാണ്. പിന്നെ ബാപ്ദാദയ്ക്ക് കാര്യങ്ങൾ വളരെ നല്ല നല്ലതു കേൾപ്പിക്കുന്നു. പറയുന്നു ബാബ, താങ്കൾ എല്ലാം അറിയുന്നില്ലേ, ഇടക്കിടെ മായ വരുക തന്നെ ചെയ്യില്ലെ. അപ്പോൾ തന്റെ കൈയുടെ മാനം നിലനിർത്തണം. നല്ലത് തന്നെ. എന്നാലും ധൈര്യം വെയ്ച്ചതല്ലേ, ഇതിൽ നിരാശരാകരുത്. ധൈര്യത്തിന് ബാപ്ദാദയുടെ സഹായം തീർച്ചയായും ഉണ്ട്. ഇന്ന് ബാപ്ദാദ കണ്ടൂ ഇപ്പോഴത്തെ സമയത്തിനനുസരിച്ച് തന്റെ മേൽ, ഓരോ കർമ്മേന്ദ്രിയങ്ങളുടെ മേൽ അതായത് സ്വയം തന്റെ മേൽ ഉണ്ടാവേണ്ട നിയന്ത്രണ ശക്തി കുറവാണ്, അത് ഒന്ന് കൂടി കൂടുതൽ വേണം. ബാപ്ദാദ കുട്ടികളുടെ ആത്മീയ സംഭാഷണം കേട്ട് പുഞ്ചിരിക്കുകയായിരുന്നു, കുട്ടികൾ പറയുന്നു പവർഫുൾ ഓർമ്മയുടെ നാലു മണിക്കൂർ പറ്റുന്നില്ല. ബാപ്ദാദ എട്ട് മണിക്കൂർ എന്നത് നാലു മണിക്കൂറാക്കി അപ്പോൾ കുട്ടികൾ പറയുന്നു രണ്ടു മണിക്കൂർ മതിയെന്ന്. അപ്പോൾ പറയൂ ഇത് നിയന്ത്രണ ശക്തിയാണോ? മാത്രമല്ല ഇപ്പൊൾ മുതൽ ഈ അഭ്യാസം ഇല്ലായെങ്കിൽ സമയത്ത് പാസ്സ് വിത് ഓണറും (ബഹുമതിയോടെ പാസാകുക) രാജ്യാധികാരിയും എങ്ങനെയാവും? ആകണമല്ലോ? കുട്ടികൾ ചിരിക്കുന്നു. ഇന്ന് ബാപ്ദാദ കുട്ടികളുടെ കാര്യങ്ങൾ വളരെ കേട്ടു. ബാപ്ദാദയെയും ചിരിപ്പിക്കുന്നു, പറയുന്നു ട്രാഫിക് കൺട്രോൾ മൂന്ന് മിനിട്ട് സാധിക്കുന്നില്ല, ശരീരത്തിന്റെ നിയന്ത്രണമുണ്ട്, അനങ്ങാതെ നിൽക്കുന്നു, പേരു മനസ്സിന്റെ നിയന്ത്രണം എന്നാണ് എന്നാൽ മനസ്സിന്റെ നിയന്ത്രണം ചിലപ്പോഴുണ്ട്, ചിലപ്പോഴില്ല. കാരണമെന്താണ്? നിയന്ത്രണ ശക്തിയുടെ കുറവ്. ഇതിനെ ഒന്ന് കൂടി വർദ്ധിപ്പിക്കണം. ഓർഡർ ചെയ്യൂ, ഏതു പോലെ കൈ ഉയർത്താനാഗ്രഹിക്കുന്നുവെങ്കിൽ ഉയർത്തുമല്ലോ, പൊട്ടലില്ലെങ്കിൽ ഉയർത്തുമല്ലോ. ഇതുപോലെ മനസ്സ്, ഈ സൂക്ഷ്മ ശക്തിയെയും നിയന്ത്രണത്തിൽ വരണം. കൊണ്ട് വരുക തന്നെ വേണം. ഓർഡർ ചെയ്യൂ – സ്റ്റോപ് എന്നാൽ സ്റ്റോപ് തന്നെയാകണം. സേവനത്തെക്കുറിച്ച് ചിന്തിച്ചു, സേവനത്തിൽ മുഴുകണം. പരംധാമത്തിലേക്ക് പോകാം, അപ്പോൾ പരംധാമത്തിൽ പോകണം. സൂക്ഷ്മവതനത്തിൽ പോകണോ, സെക്കൻഡിൽ പോകണം. എന്ത് ചിന്തിച്ചുവോ അത് നടക്കണം. ഇപ്പൊൾ ഈ ശക്തിയെ വർദ്ധിപ്പിക്കൂ. ചെറിയ ചെറിയ സംസ്കാരങ്ങളിൽ, യുദ്ധത്തിൽ സമയം കളയരുത്, ഇന്ന് ഈ സംസ്കാരത്തെ ഓടിച്ചു, നാളെ മറ്റേതു ഓടിച്ചു. നിയന്ത്രണ ശക്തി ധാരണ ചെയ്യൂ എങ്കിൽ വേറെ വേറെ സംസ്കാരങ്ങളിൽ സമയമെടുക്കില്ല. ചിന്തിക്കരുത്, ചെയ്യരുത്, പറയരുത്. സ്റ്റോപ്പ്. അപ്പോൾ സ്റ്റോപ്പാകണം. ഇതാണ് കർമ്മാതീത അവസ്ഥ വരെയെത്താനുള്ള മാർഗ്ഗം. അപ്പോൾ കർമ്മാതീതമാകണമല്ലോ? ബാപ്ദാദയും പറയുന്നു നിങ്ങൾ തന്നെയാകണം. മറ്റാരും വരില്ല, നിങ്ങൾ തന്നെയാണ്. നിങ്ങളെ തന്നെയാണ് ഒപ്പം കൊണ്ട് പോകുന്നത്, എന്നാൽ കർമ്മാതീതരെയല്ലെ കൊണ്ട് പോകുന്നത്. ഒപ്പം വരുന്നോ അതോ പിന്നാലെ പിന്നാലെ വരുമോ? (ഒപ്പം വരും) ഇത് വളരെ നല്ലതാണ് പറയുന്നത്. ഒപ്പം പോകും, കണക്കുകൾ തീർക്കുമല്ലോ? ഇതിന് ഉവ്വ് എന്ന് പറഞ്ഞില്ല. കർമ്മതീതമായി ഒപ്പം പോകും എന്നല്ലേ. ഒപ്പം പോകുക എന്നാൽ പങ്കാളിയായി പോകുക എന്നാണ്. ജോഡി നല്ലതായിരിക്കണോ അതോ ചെറുതും വലുതും മതിയോ? സമാനമായിരിക്കണ്ടേ! അപ്പോൾ കർമ്മാതീതം ആകുക തന്നെ വേണം. അപ്പോൾ എന്ത് ചെയ്യും? ഇനി തന്റെ രാജ്യം നന്നായി സംരക്ഷിക്കൂ. ദിവസവും തന്റെ സഭ വിളിക്കൂ. രാജ്യധികാരിയല്ലെ! അപ്പോൾ

തന്റെ സഭ വിളിക്കൂ, കർമ്മചാരികളോട് സുഖ–വിവരം ചോദിക്കൂ. പരിശോധിക്കൂ ഓർഡർ അനുസരിച്ചാണോ? ബ്രഹ്മാബാബ എന്നും സഭ വിളിച്ചിരുന്നു. നോട്ട്ബുക്ക് ഇല്ലേ! ഇവരോട് പറയുക, കാട്ടിക്കൊടുക്കുക. ബ്രഹ്മാബാബയും പരിശ്രമിച്ചു, എന്നും സഭ വിളിച്ചു, അങ്ങനെയാണ് കർമ്മതീതമായത്. അപ്പോഴിനി എത്ര സമയം വേണം? അതോ എവർറെഡി ആണോ? ഈ അവസ്ഥയിലൂടെ സേവനവും ഫാസ്റ്റാവും. എന്തുകൊണ്ട്? ഒരേ സമയം മനസ്സും ശക്തിശാലി, വാക്കും ശക്തിശാലി, സംബന്ധ–സമ്പർക്കത്തിൽ മുഖവും പെരുമാറ്റവും ശക്തിശാലി. ഒരേ സമയം മൂന്ന് സേവനവും വളരെ വേഗത്തിൽ ഫലം കൊണ്ടുവരും. ഒരിക്കലും ചിന്തിക്കരുത് ഈ സാധനയിൽ സേവനം കുറവാകും എന്ന്, ഇല്ല. സഫലത സഹജമായി അനുഭവപ്പെടും. എല്ലാ സേവനത്തിന് നിമിത്തമായവരും ഒന്നിച്ചുചേർന്ന് ഇങ്ങനെ സ്റ്റേജ് ഉണ്ടാക്കുന്നുവെങ്കിൽ പരിശ്രമം കുറവും സഫലത കൂടുതലും ഉണ്ടാകും. അപ്പോൾ വിശേഷ അറ്റൻഷൻ നിയന്ത്രണ ശക്തി വർദ്ധിപ്പിക്കൂ. സങ്കൽപ്പം, സമയം, സംസ്കാരം എല്ലാറ്റിനും നിയന്ത്രണം വേണം. വളരെ പ്രാവശ്യം ബാപ്ദാദ പറഞ്ഞിട്ടുണ്ട് നിങ്ങളെല്ലാവരും രാജാകുട്ടികളാണ്. എപ്പോൾ ആഗ്രഹിക്കുന്നു, എങ്ങനെ ആഗ്രഹിക്കുന്നു, എവിടെ ആഗ്രഹിക്കുന്നു, ഇത്ര സമയം ആഗ്രഹിക്കുന്നുവോ മനസ്സും ബുദ്ധിയും നിയമവ്യവസ്ഥയിൽ ആയിരിക്കണം. നിങ്ങൾ പറഞ്ഞു ചെയ്യരുത്, എന്നിട്ടും നടക്കുന്നു, ചെയ്യുന്നുവെങ്കിൽ അത് നിയമവ്യവസ്ഥ അല്ല. അപ്പോൾ സ്വരാജ്യാധികാരി തന്റെ രാജ്യത്തെ സദാ പ്രത്യക്ഷ സ്വരൂപത്തിൽ കൊണ്ട് വരൂ. കൊണ്ട് വരേണ്ടേ? കൊണ്ട് വരുന്നുണ്ട് എന്നാൽ പറഞ്ഞില്ലേ സദാ വാക്ക് കൂട്ടിച്ചേർക്കൂ. ബാപ്ദാദ ഇനി ലാസ്റ്റിൽ വരും, ഇനി ഒരു പ്രാവശ്യം കൂടിയുണ്ട്. ഒരു പ്രാവശ്യം റിസൾട്ട് ചോദിക്കും. പതിനഞ്ച് ദിവസമില്ലേ. പതിനഞ്ച് ദിവസത്തിൽ എന്തെങ്കിലും കാണിക്കുമോ അതോ ഇല്ലയോ? ടീച്ചേഴ്സ് പറയൂ, പതിനഞ്ച് ദിവസത്തിൽ റിസൾട്ടുണ്ടാകുമോ? ശരി, മധുബനിലുള്ളവർ പതിനഞ്ച് ദിവസത്തിനുള്ളിൽ റിസൾട്ട് കാണിക്കുമോ. ഇനി പറയൂ ശരിയോ അതോ ഇല്ലയോ! ഇനി കൈ ഉയർത്തൂ.(എല്ലാവരും കൈ ഉയർത്തി) കൈ ഉയർത്തിയതിന്റെ മാനം നിലനിർത്തണം. ആരു മനസ്സിലാക്കുന്നുവോ ശ്രമിക്കാം എന്ന്, അവർ കൈ ഉയർത്തൂ. ജ്ഞാനസരോവരം, ശാന്തിവനത്തിലുള്ളവർ എഴുന്നേൽക്കൂ. (ബാപ്ദാദ മധുബൻ, ജ്ഞാന സരോവരം, ശാന്തിവനം എന്നിവിടങ്ങളിലെ മുഖ്യ നിമിത്ത സഹോദരസഹോദരിമാരേ മുന്നിലേക്ക് വിളിപ്പിച്ചു) ബാപ്ദാദ താങ്കളെല്ലാവരുടെയും സാക്ഷാത്കാരം നൽകാൻ വിളിപ്പിച്ചതാണ്. താങ്കൾ എല്ലാവരെയും കണ്ട് എല്ലാവരും സന്തോഷിക്കുന്നു. ഇനി ബാപ്ദാദ എന്താഗ്രഹിക്കുന്നു എന്നത് പറഞ്ഞു തരികയാണ്. പാണ്ഡവ ഭവനാകട്ടെ, ശാന്തി വനമാകട്ടെ, ജ്ഞാന സരോവരമാകട്ടെ, ഹോസ്പിറ്റൽ ആകട്ടെ നാലു ധാമങ്ങൾ അല്ലേ. അഞ്ചാമത്തേത് ചെറുതാണ്. നാലു സ്ഥാനങ്ങളോടും ബാപ്ദാദയ്ക്ക് ഒരേയൊരു ആശയാണ് – ബാപ്ദാദ മൂന്ന് മാസത്തേക്ക് നാലു ധാമത്തിലും അഖണ്ഡ, നിർവിഘ്ന, ഇളക്കമില്ലാത്ത സ്വാരാജ്യാധികാരി, രാജാക്കന്മാരുടെ റിസൾട്ട് കാണാൻ ആഗ്രഹിക്കുന്നു. മൂന്ന് മാസത്തേക്ക് അവിടിവിടെന്ന് ഒരു തരത്തിലുള്ള മറ്റു വാർത്തകളും കേൾക്കാൻ വരരുത്. എല്ലാവരും സ്വരാജ്യാധികാരീ നമ്പർ വൺ ആയിരിക്കണം, എന്താ മൂന്ന് മാസത്തേക്ക് ഇങ്ങനെയുള്ള റിസൾട്ട് സാധിക്കുമോ? (നിർവൈർ ഭായിയോട്) – പാണ്ഡവരുടെ വശത്ത് നിന്നും താങ്കളാണ്. സാധിക്കുമോ? ദാദി എന്തായാലും ഉണ്ട് എന്നാൽ ഒപ്പം മുന്നിലിരിക്കുന്നവരും ഉണ്ട് എല്ലാവരുമുണ്ട്. അപ്പോൾ സാധിക്കുമോ? (ദാദി പറയുന്നു സാധിക്കും എന്ന്) പാണ്ഡവ ഭവനിലുള്ളവർ ഇരിക്കുന്നു അവർ കൈ പോക്കൂ, സാധിക്കുമോ. ശരി, ഉദാഹരണത്തിന് ആരെങ്കിലും ദുർബലരാണ്, അവരുടെ എന്തെങ്കിലും സംഭവിക്കുകയാണെങ്കിൽ താങ്കൾ എന്ത് ചെയ്യും? താങ്കൾ മനസ്സിലാക്കുന്നുവോ ഒപ്പമുള്ളവർക്കും പിന്തുണ നൽകി കൊണ്ട് റിസൾട്ട് കൊണ്ട് വരാം എന്ന്, ഇത്രയും ധൈര്യം വെയ്ക്കുന്നുണ്ടോ? സാധിക്കുമോ അതോ തന്റെ മാത്രം ധൈര്യമാണോ? മറ്റുള്ളവരുടെയും കാര്യങ്ങളെ ഉൾക്കൊള്ളാൻ സാധിക്കുമോ? അവരുടെ തെറ്റുകളെ ഉൾക്കൊള്ളാൻ സാധിക്കുമോ? വായുമണ്ഡലത്തിൽ പരത്തരുത്, ഉൾക്കൊള്ളണം, ഇത്രയും ചെയ്യാൻ സാധിക്കുമോ? ഒച്ചത്തിൽ പറയൂ ഉവ്വ് എന്ന്. ആശംസകൾ. മൂന്ന് മാസത്തിന് ശേഷം റിപ്പോർട്ട് നോക്കും. ഒരു സ്ഥാനത്ത് നിന്നും ഒരു റിപ്പോർട്ടും വരരുത്. പരസ്പരം വൈബ്രേഷൻസ് നൽകി ഉൾക്കൊള്ളണം, സ്നേഹത്തോടെ വൈബ്രേഷൻ നൽകണം. വഴക്കുണ്ടാകരുത്. ഇത് പോലെ ഡബിൾ വിദേശികളും റിസൾട്ട് തരില്ലേ. എല്ലാവരും ആകണമല്ലോ. ഡബിൾ വിദേശികളിൽ ആരു മനസ്സിലാക്കുന്നുവോ തന്റെ സെന്ററിൽ, പങ്കാളികളോടൊപ്പം മൂന്ന് മാസത്തിന്റെ റിസൾട്ട് എടുക്കും എന്നുള്ളവർ കൈ പോക്കൂ. ആരു മനസ്സിലാക്കുന്നുവോ ശ്രമിക്കാം, പറയാൻ സാധിക്കില്ല അങ്ങനെ ആരെങ്കിലുമുണ്ടെങ്കിൽ കൈ പോക്കൂ. ശുദ്ധ ഹൃദയരാണ്, ശുദ്ധ ഹൃദയർക്ക് സഹായം ലഭിക്കും. ശരി. (പിന്നെ ബാപ്ദാദ എല്ലാ സോണിന്റെയും സഹോദര സഹോദരിമാരെ കൊണ്ട് കൈ ഉയർത്തിച്ച് തന്റെ സ്ഥാനങ്ങളിൽ എഴുന്നേൽപ്പിച്ചു) ആദ്യം മഹാരാഷ്ട്ര, ഡൽഹി, കർണാടകയിലുള്ള സഹോദരസഹോദരിമാരെ എഴുന്നേൽപ്പിച്ചു പ്രതിജ്ഞ ചെയ്യിച്ചു. പിന്നെ യൂപി കാർക്ക് സേവനത്തിന് ആശംസകൾ നൽകി. ശരി! നാലു ഭാഗത്തുമുള്ള സർവ്വ സ്വരാജ്യാധികാരി ആത്മാക്കൾക്ക്, സദാ അഖണ്ഡരാജ്യത്തിന് പാത്രമായ ആത്മാക്കൾക്ക്, സദാ ബാബയ്ക്ക് സമാനം കർമ്മാതീത

സ്ഥിതിയിലെത്തുന്ന, ബാബയെ ഫോളോ ചെയ്യുന്ന തീവ്ര പുരുഷാർത്ഥീ ആത്മാക്കൾക്ക്, സദാ പരസ്പരം ഓരോരുത്തർക്കും ശുഭ ഭാവന, ശുഭ കാമനയുടെ സഹയോഗം നൽകുന്ന ശുഭചിന്തക കുട്ടികൾക്ക് സ്നേഹ സ്മരണകളും നമസ്തേയും.

**വരദാനം:- വിഘ്നമുണ്ടാക്കുന്ന ആത്മാവിനെ ശിക്ഷകനെന്ന് മനസ്സിലാക്കി അവരിൽ നിന്നും പാഠം പഠിക്കുന്ന അനുഭവീമൂർത്തായി ഭവിക്കട്ടെ.**

ഏതാത്മക്കൾ വിഘ്നമിടുന്നതിന് നിമിത്തമാകുന്നുവോ അവരെ വിഘ്നമിടുന്ന ആത്മാവെന്ന് കാണരുത്, അവരെ സദാ പാഠം പഠിപ്പിക്കുന്നതിന്, മുന്നോട്ട് കൊണ്ട് പോകുന്നതിന് നിമിത്തമെന്ന് മനസ്സിലാക്കൂ. അനുഭവിയാക്കുന്ന ശിക്ഷകനെന്നു മനസ്സിലാക്കൂ. പറയാറില്ലേ നിന്ദിക്കുന്നവർ മിത്രമെന്ന്, അപ്പോൾ വിഘ്നങ്ങളിലൂടെ കടത്തി അനുഭവിയാക്കുന്നവർ ശിക്ഷകരായി, ഇതിനാൽ വിഘ്നകാരി ആത്മാവിനെ ആ ദൃഷ്ടിയോടെ നോക്കുന്നതിന് പകരം സദാ കാലത്തേക്ക് വിഘ്നങ്ങളെ മറികടത്തുന്നതിന് നിമിത്തവും, അചഞ്ചലമാക്കുന്നതിന് നിമിത്തവും എന്ന് മനസ്സിലാക്കൂ, ഇതിലൂടെ ഒന്നുകൂടി അനുഭവങ്ങളുടെ അധോറിറ്റി വർദ്ധിക്കും.

**സ്ലോഗൺ:- പരാതികളുടെ ഫയൽ സമാപ്തമാക്കി ഫൈനും (മികച്ചതും) റിഫൈനും(ശുദ്ധവും) ആകൂ.**